©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2023 മാർച്ച് 30<br>30th March 2023<br>1198 മീനം 16<br>16th Meenam 1198<br>1945 ചൈത്രം 9<br>9th Chaithra 1945 | നമ്പർ<br>No. 1202 |

### കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

### വിജ്ഞാപനം

ഇ4-21539/2001 *2023 മാർച്ച് 25*

2016 ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിൻറെ (2016-ലെ 9) 36-ാം വകുപ്പിൻറെ 4-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ് ഫാറം-IV ൽ ഇതിനാല് വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ് )

കോർപ്പറേഷൻ സെക്രട്ടറി

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം – IV

(2021 ലെ കേരള നഗരസഭ-ഗ്രാമാസൂത്രണ ( മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 19 (2) കാണുക)

# കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൻറെ (2016 ലെ 9) 36-ാം വകുപ്പിൻറെ 4-ാം) ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാന് പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിൻറെ കരട് മാസ്റ്റർ പ്ലാൻ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിഷ്കരണങ്ങളോട് കൂടി സ്വീകരിച്ചത്, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഔദ്യോഗിക വെബ് സൈറ്റായ ht t p../kannur cor por at i on.l sgker al a.gov.i n ൽ 2016 ലെ കേരള നഗരസഭ- ഗ്രാമാസൂത്രണ ആക്ടിൻറെ (2016-ലെ) 36 -ാം വകുപ്പ് (4) -ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് - അഴീക്കോട്, ചിറക്കൽ, നാറാത്ത്, കൊളച്ചേരി ഗ്രാമപഞ്ചായത്തുകൾ

കിഴക്ക്- മുണ്ടേരി, ചെമ്പിലോട്, കടമ്പൂർ ഗ്രാമപഞ്ചായത്തുകൾ

തെക്ക്- കടമ്പൂർ, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്- ലക്ഷദ്വീപ് കടൽ, കൻറോൺമെൻറ് പ്രദേശം

കരട് മാസ്റ്റൽ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികള് സംബന്ധിച്ച വിശദാംശങ്ങൾ

(എ)അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

ഇല്ല

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

1. DTP സ്കീം ഫോർ താവക്കര നോർത്ത്, കണ്ണൂർ

2. DTP സ്കീം ഫോർ താവക്കര സൗത്ത്, കണ്ണൂർ

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാന് ഉദ്ദേശിക്കുന്ന വിശദനഗരാസൂത്രണ പദ്ധതികൾ

ഇല്ല

(ഡി) നില നിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

1. DTP സ്കീം ഫോർ താവക്കര നോർത്ത്, കണ്ണൂർ

2. DTP സ്കീം ഫോർ താവക്കര സൗത്ത്, കണ്ണൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2016 ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 62-ാം വകുപ്പിൻറെ 5-ാം ഉപ വകുപ്പ് പ്രകാരം ഒരു പ്രദേശത്ത് പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനും പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾക്ക് മേല് നിലനിൽക്കുന്നതാണ്.

കരട് മാസ്റ്റർ പ്ലാനിൻറെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധയന്ക്കായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലും ലഭ്യമാണ്. പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച് നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയ്യതി മുതല് അറുപത് ദിവസത്തിനകം കണ്ണൂര് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016 ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് (2016 ലെ 9 ) ൻറെ 61, 62 വകുപ്പുകള് പ്രകാരം ബാധകമാകുന്ന നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാന് പാടുള്ളതല്ല.

| | |
|---|---|
| (ഒപ്പ് ) | (ഒപ്പ്) |
| സെക്രട്ടറി | മേയർ |

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

Digitally signed by Veeran T
Date:2023.03.30 06:58:53 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/